## മാധ്യമങ്ങളും ക്ഷുഭിത കൗമാരവും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

(തുടർച്ച...)

കോടതി വിധി ഉറപ്പക്കുന്നു. സുപ്രീം കോടതി വിധി പൗരസ്വാതന്ത്ര്യത്തിന്റെയും സൈബർ സംവേദനത്തിന്റെയും പ്രകാശ രേഖയാണെങ്കിലും ഐ.ടി. ആക്ടിൽ നിരവധി ജനാതിപത്യ നിഷേധങ്ങളും കരിനിയമങ്ങളും ഉൾക്കൊള്ളുന്നു. ഇന്റർനെററിലെ അസ്വീകാര്യമായ ഉള്ളടക്കം തടയുന്ന 69-ാം വകുപ്പും സ്വകാര്യ കമ്പ്യൂട്ടർ പരിശോധിക്കുവാനും പോലീസിന് ആവശ്യമെങ്കിൽ പിടിച്ചെടുക്കുവാനും കഴിയുന്ന 76-ാം വകുപ്പും ഐ.ടി. ആക്ടിലുണ്ട്.

സൈബർ കുററകൃത്യങ്ങൾ, കമ്പ്യൂട്ടറുകളിൽ നിയമവിരുദ്ധമായി നുഴഞ്ഞു കയറി വിവരങ്ങൾ മോഷ്ടിക്കുന്ന ഹാക്കിംഗ്, അനധികൃതമായി ഒരാളുടെ ഇന്റർനെററ് വിവരങ്ങൾ കവരുന്ന സൈബർ സ്റ്റാക്കിംഗ്, കമ്പ്യൂട്ടർ തകർക്കുന്ന വൈറസ് വിനിമയം, സ്വകാര്യ വിവരങ്ങൾ ചോർത്തുന്ന ഫിഷിംങ്,അനുമതിയില്ലാതെ സോഫ്ററുവെയറുകളുടെ വിപണനം അഥവാ പൈറസി തുടങ്ങി അനവധി സൈബർ ക്രൈം അനുദിനം ശക്തിപ്പെടുകയാണ്. ആഗോളവൽക്കരണം സൃഷ്ടിച്ച പുത്തൻ വാണിജ്യകരാർ നയങ്ങളിൽ ആഗോള കുത്തക കമ്പനികൾക്കും മാധ്യമ ഭീമന്മാർക്കും വ്യക്തികളുടെ സ്വകാര്യതയിലേക്കു നുഴഞ്ഞു കയറുവാനും വിവരങ്ങൾ ആവശ്യാനുസൃതം ശേഖരിക്കുവാനും നിഷ്പ്രയാസം കഴിയും എന്നത് പരമയാഥാർത്ഥ്യമാണ്.

കമ്പ്യൂട്ടർ മോഷ്ടിച്ച് വിവരങ്ങൾ ശേഖരിക്കുക(66B), കമ്പ്യൂട്ടർ വഴിയുള്ള വിവിധ തട്ടിപ്പ് (66C, 66D) അനുമതിയില്ലാതെ സ്വകാര്യ ചിത്രമെടുത്ത് പ്രചരിപ്പിക്കുക(66E), രാജ്യഭീഷണി ഉയർത്തുന്ന സൈബർ തീവ്രവാദം(66F), അശ്ലീല പ്രചരണം (67A), കുട്ടികളുടെ ലൈംഗികത പകരുന്ന ചിത്രങ്ങളുടെ വ്യാപനം (67B) ഇങ്ങനെ നിരവധി വകുപ്പുകൾ ചുമത്തി അനധികൃതമായി കംപ്യൂട്ടറും സാമൂഹിക മാധ്യമവും ഉപയോഗിക്കുന്നവർക്ക് തടവും പിഴയും നൽകുവാൻ വകുപ്പുകൾ ഉണ്ട്. ഏററവും പുതിയ സിനിമകൾ പ്രചരിപ്പിക്കുകയും ചെയുന്നത് ശിക്ഷാർഹമാണ്. ടൊറെൻസ് സാങ്കേതിക വഴി അനധികൃത വിഭവങ്ങൾ സ്വന്തമാക്കുന്നതിനും വിപണനം നടത്തുന്നതും കുററകരമാണ്. അനവധി യുവജനങ്ങൾ ഇത്തരം കുററകൃത്യങ്ങളിൽ അകപ്പെടാറുണ്ട്. പൗരന്മാരുടെ മൗലിക അവകാശമായ അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ആർക്കും അനുവദിക്കുന്നില്ല.

### 9. മാധ്യമ സാക്ഷരത എന്താണ്?

മാധ്യമങ്ങളെ വിശകലനം ചെയ്യുന്ന പദ്ധതിയാണ് മാധ്യമ സാക്ഷരത. മാധ്യമങ്ങളെ വിമർശനാപൂർവ്വം നിരീക്ഷിക്കുന്ന ഈ സമ്പ്രദായം മാധ്യം അവബോധം, മാധ്യമ വായന, മാധ്യമ ബോധനം എന്നും അറിയപ്പെടുന്നു. മാധ്യമ സന്ദേശങ്ങളിലെ സാംസ്ക്കാരിക അധികാര മേൽക്കോയ്മകളേയും നിയന്ത്രണങ്ങളെയും കണ്ടെത്തുവാനും മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സംസ്ക്കാരത്തിലെ ഗുണപരവും നിഷേധപരവുമായ സ്വാധീനങ്ങളെ തിരിച്ചറിയുവാനും മാധ്യമബോധനം സ്വീകർത്താക്കളെ പ്രാപ്തമാക്കുന്നു. മാധ്യമങ്ങളുടെ ഉല്പാദനം, വിതരണം, വിനിമയം, ഉപഭോഗം, അധികാരം, അവസ്ഥ എന്നീ ഘടനകൾ ഇതിൽ വിമർശന പൂർവ്വം വിലയിരുത്തപ്പെടുന്നു.

മാധ്യമങ്ങൾ സംവേദിപ്പിക്കുന്ന സന്ദേശത്തെ അപഗ്രഥിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സ്വീകരിക്കുന്ന സമീപനമാണിത്. സന്ദേശത്തെ സ്വീകരിക്കുവാനും തിരസ്ക്കരിക്കുവാനും വിമർശിക്കുവാനുമുള്ള പൗരധർമ്മത്തിന്റെ സ്വാതന്ത്ര്യവും. മാധ്യമ സന്ദേശങ്ങളിലെ അവതരണത്തിലും വിനിമയത്തിലും ഒളിഞ്ഞിരിക്കുന്ന തന്ത്രങ്ങളും ചൂഷണങ്ങളും ഗൗരവപൂർവ്വം വിശകലനം ചെയ്യുവാൻ പ്രാപ്തിപകരുകയാണ് ബോധനലക്ഷ്യം. സ്വീകർത്താക്കൾ സംവേദന പ്രക്രിയയിൽ അതിക്രമിച്ച് കയറി പ്രതികരണശേഷിയും ശക്തീകരണവും പ്രാപിക്കുന്ന ജൈവാവസ്ഥയാണിത്.

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**

Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**

Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**

**Holy Qurbana on 2nd Saturday (13-11-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of November. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.

*Contact Details :* **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*

**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**

**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

*For private circulation only*

## Prayer Meeting Schedule for Nov.-2015

**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | | | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 20-11 | Mr.Saju Jacob | Near Mosque, Opp old Nayna sweets | Flr. 05 | Flat 18 | 66756280 |
| 27-11 | Mr.Binoy P Koshy | Adress Shop Bldg, Near Chachoos Rest. | 07 | 41 | 99050310 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 13-11 | Mr.Varghese Joseph (Jose) | Opp. to Euro Asia Travels | 05 | 19 | 99642854 |
| 20-11 | Mr.Saju Stephen Thomas | Civilized Store Building | 02 | 05 | 24316560 |
| 27-11 | Mr.Sunoj Thankachen | Beside Total Workshop | 03 | 14 | 24344142 |
| **St. Dionysius Prayer (Abbasiya) Sec : Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time : 5:30 pm)** | | | | | |
| 13-11 | Mr.Liju K Thankachen | Backside of Paradise Rest. Bldg. (Brill Laundry) | 06 | 41 | 97132790 |
| 27-11 | Mr. Stephen K Thomas | Blazer Taylor Building | 06 | 18 | 97198784 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 60034002 (Time - 5:30 pm)** | | | | | |
| 20-11 | Mr. Shibu Abraham | Gulf Restaurant Building | 05 | 34 | 60034002 |
| 27-11 | Mr.Liju Varghese | Opp.Integrated School | 06 | 43 | 60392361 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 13-11 | Mr.Babukutty . K.Mathew | Building #3, Near Vijaya Restaurant, New Riggae | 05 | 15 | 50322192 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 21-11 | Mr. Shibu Abraham | Near Al Plaza Building, Hawally | 03 | 12 | 66952168 |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time - 6:30 pm)** | | | | | |




Hanna Elsa Saji

Liya Ann Jibin

Anna Elsa Libu

Nehan Thomas Binu

Aaron Binu

Feba Mariam Binu

Elisha Elizebeth Jacob

Diya Mariam Shabu

Ebin Sunil


Vol. 2, Issue :10 Parish Bulletin November 2015

**Stephanian**

St. Stephens Indian Orthodox Congregation

Kuwait





Beloved in the Lord,

Greetings in the name of Lord Jesus.

This Stephanian comes to you at the Koodosh Edtho the first day in our Liturgical Calendar. What is Koodosh Edtho? This is a Hebrew word which means 'Sanctification of the Church'. This word has a historical background. When we learn the history of the Jews there is a day that is celebrated by Israel called the feast of Hanukah or Chanukah. Chanukah begins 75 days after the Day of Atonement [the 25th day of the ninth month - or in our December] and lasts for 8 days. Chanukah is not mentioned in the Old Testament, because it began to be celebrated during the period between the Old and New Testament or the Intertestamental Period. Basically, it is a celebration of the cleansing of the Temple after the Jews defeated Antiochus Epiphanies, a Greek king of the Seleucid Empire who invaded Jerusalem, defiled the Temple by placing an image of Zeus in the Temple, and offering a pig on the altar. The Jews eventually recaptured Jerusalem, and immediately set about cleansing the Temple. So, in essence, this is the celebration of the cleansing and rededication of the Temple to God, and is referred to one time in the New Testament, where Jesus was present in Jerusalem for Chanukah ("And it was at Jerusalem the feast of the dedication, and it was winter. And Jesus walked in the temple in Solomon's porch". John 10:22-23.). This is also known as the Festival of Lights and Feast of Dedication.

What is the purpose of sanctifying the Church every year? Has anyone thought about the reason? 1 Cor 3:16-17 says so. "Do you not know that you are the temple of God and that the Spirit of God dwells in you? If anyone defiles the temple of God, God will destroy him. For the temple of God is holy, which temple you are". So we are the temples of God. Being temples of God we should keep ourselves holy. As St. Peter has said in his 1st common Epistle Ch 1:15 & 16 "…but as He who called you is holy, you also be holy in all your conduct, because it is written,Be Holy for I am Holy".

This month we are also celebrating the Perunnal of the Canonized saint of our Church St. Gregorios of Parumala. Heb 13:7 "Remember those who rule over you, who have spoken the word of God to you, whose faith follow, considering the outcome of their conduct". Let us follow the ways that these saints showed us. As we enter this new Liturgical Year with the Koodosh Edtho let us sanctify ourselves and dedicate ourselves into his presence and be good thankful human beings.

May God Almighty help us to have perfection of the Holy Spirit in us.

May God Bless us all.

**Kurian Achen**

## കൂദോശ് ഈത്തോ

ഫാ. ജോൺസൺ പി.കെ

സഭയുടെ ആരാധനാ വർഷം ആരംഭിക്കുന്ന ഞായറാഴ്ച്ചയാണ് കൂദോശ് ഈത്തോ ഞായർ. എന്ന സുറിയാനി വാക്കിന്റെ അർത്ഥം സഭയുടെ ശുദ്ധീകരനം എന്നാണ്. രണ്ടാമത് വരുന്ന ഞായർ ഹൂദോസ് ഈത്തോ (സഭയുടെ പ്രതിഷ്ഠ) ആണ്. സഭയുടെയും ദേവാലയത്തിന്റെയും ഓരോ വിശ്വാസിയുടെയും വിശുദ്ധീകരണത്തെക്കുറിച്ചും ആത്മശരീര മനസ്സുകളെ ആത്മീകമായി പുന:പ്രതിഷ്ഠ ചെയ്യുന്നതിനെക്കുറിച്ചും ഓർപ്പിച്ചുകൊണ്ടാണ് സഭാ കലണ്ടർ ആരംഭിക്കുന്നത്. ആത്മീയ കാര്യങ്ങളിൽ മന്ദത പിടിച്ചിരിക്കുന്ന അനുഭവത്തിൽ നിന്നും ഒരു ഉണർവ്വിനായി, ജാഗ്രത ഉണ്ടാകുവാനായി ഇവിടെ വിശ്വാസികളെ ആഹ്വാനം ചെയ്യുകയാണ്.

വെളിപാട് പുസ്തകം 3:15,16 വാക്യങ്ങളിൽ ലവോദിക്യ സഭയ്ക്ക് നൽകുന്ന മുന്നറിയിപ്പ് ഇപ്രകാരമാണ് നീ ഉഷ്ണവാനുമല്ല ശീതവാനുമല്ല; ശീതവാനും ഉഷ്ണവാനും ആയിരുന്നുവെങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്ന് ഉമിണ്ണ് കളയും. ഇങ്ങനെ ഒരു മുന്നറിയിപ്പ് നൽകാൻ കാരണം ബാങ്കിംഗ് ഇടപാടുകളുടെയും വസ്ത്രവ്യവസായങ്ങളുടെയും നയനരോഗങ്ങൾക്ക് സിദ്ധൗഷധമായി അവിടെ നിർമ്മിക്കപ്പെട്ടിരുന്ന ഔഷധ വ്യവസായത്തിന്റെയും ഫലമായി സാമ്പത്തിക ഉന്നതി ലഭിക്കുകയും തൻമൂലം ദൈവത്തെ മറന്ന് ജീവിക്കാനും ഇടയായതിനാലാണ്.

ഏകദേശം 2000 വർഷം മുമ്പ് ലവോദിക്യ സഭയ്ക്ക് മുന്നറിയിപ്പ് നൽകാൻ ഇടയാക്കിയ ഭൗതീക ആത്മീക സാഹചര്യമാണിന്നുള്ളത്. അതിനാൽ ഒരു ശുദ്ധീകരണം, ഒരു പുന:പ്രതിഷ്ഠ നമുക്ക് ആവശ്യമാണ്. എന്തിനാണ് ശുദ്ധീകരണവും പുന:പ്രതിഷ്ഠയും വേണ്ടിയിരിക്കുന്നത്? ലോകരക്ഷകന്റെ തിരുപിറവിക്കായി നാം ഒരുങ്ങുകയാണ്. വിശുദ്ധനായ ദൈവം വിശുദ്ധരിലാണ് വസിക്കുന്നത്. ലേവ്യ 19:2ൽ പറയുന്നു, നിങ്ങളുടെ ദൈവമായ യഹോവയെന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ. 1 തെസ്സ 4:3 7 വരെ വാക്യങ്ങളിൽ ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ. നിങ്ങൾ ദുർനടപ്പ് വിട്ടൊഴിഞ്ഞ് ഓരോരുത്തൻ ദൈവത്തെ അറിയാത്ത ജാതികളെപോലെ കാമവികാരത്തിലല്ല വിശുദ്ധികരണത്തിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടിക്കൊള്ളട്ടെ. ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രേ വിളിച്ചത്. ആകയാൽ, വിശുദ്ധനായവന്റെ തിരുപിറവിക്കായി ദൈവപുത്രനെ സ്വീകരിക്കാൻ വിശുദ്ധിയോടെ ഒരുങ്ങാൻ സഭാമക്കളെ ആഹ്വാനം ചെയ്യുന്നു.

കൂദോശ് ഈത്തോ ഞായറിലെ ഏവൻഗലിയോൻ വായനയായി പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത് വി. മത്തായി 16:13 മുതൽ 23 വരെയുള്ള വാക്യങ്ങളാണ്. അവിടെ കൈസര്യ ഫിലിപ്പ്യയിൽ വച്ച് യേശുതമ്പുരാൻ ചോദിക്കുന്നു ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?. കൈസര്യ ഫിലിപ്പ്യയിൽ വച്ച് ഈ കാര്യം ചോദിച്ചത് കേവലം യാദൃശ്ചികമല്ല. കൈസര്യ ഫിലിപ്പ്യയിലെ വിശാലമായ പാറപ്പുറത്ത് റോമൻ ദേവനായ പാൻ ദേവന്റെ വലിയൊരു പ്രതിമയും ക്ഷേത്രവും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇത്തരം ക്ഷേത്രങ്ങളിൽ ചക്രവർത്തി ആരാധനയുടെ ഭാഗമായി സീസറിന്റെ പ്രതിമകളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വിഗ്രഹാരാധനയും ചക്രവർത്തി ആരാധനയും നടമാടുന്ന സമൂഹത്തിൽ മശിഹായെ അവർ എങ്ങനെ മനസ്സിലാക്കിയിരുന്നു എന്നാണ് ക്രിസ്തുവിന് അറിയേണ്ടിയിരുന്നത്. സ്നാനപക യോഹന്നാനെന്ന് ചിലരും ഏലിയാവെന്ന് ചിലരും യിരമ്യാവോ മററ് പ്രവാചകന്മാരാരോ ആണെന്ന് മററു ചിലരും വിശ്വസിച്ചപ്പോൾ പത്രോസ് പറയുന്നു നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണെന്ന്. ഇന്ന് ക്രിസ്തുവിനെ നാം എങ്ങനെയാണ് മനസ്സിലാക്കുന്നത്. വെറും ഒരു അത്ഭുത പ്രവർത്തകൻ മാത്രമായിട്ടാണോ? അങ്ങനെയുള്ള ഒരു ക്രിസ്തുവിനെയാണ് ഭൂരിഭാഗം പേരും ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ ബുദ്ധിപരമായ അറിവുകൾ ബോധ്യങ്ങളായി മാറണമെങ്കിൽ ആത്മശരീര മനസ്സുകളുടെ ശുദ്ധീകരണവും പ്രതിഷ്ഠയും അനിവാര്യമാണ്. യഹോവ എന്റെ ഇടയനാകുന്നു എന്നത് സങ്കീർത്തനക്കാരന്റെ ബോധ്യമായിരുന്നു. അറിവ് മാത്രമല്ലായിരുന്നു. ഇങ്ങനെ ഉത്തമ ബോധ്യം നേടുമ്പോഴാണ് ആത്മീകതയിലെ ഉന്നത ലക്ഷ്യങ്ങൾ നാമും തിരിച്ചറിയുവാൻ പ്രാപ്തരാകുന്നത്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന ബോധ്യം മാനവജാതിക്കുവേണ്ടി തന്നെതന്നെ ബലിയായി നൽകിയ ക്രിസ്തുവിന്റെ നല്ല സാക്ഷികളായി തീരുവാൻ നമ്മെ ശുദ്ധികരിച്ച് പ്രതിഷ്ഠിക്കാൻ പുതിയ ആരാധനാ വർഷം നമുക്ക് ഇടയാകട്ടെ.

## പ. മാർ ഗ്രീഗോറിയോസിന്റെ ജീവാവസാനത്തിലേക്ക് സൂക്ഷിച്ചു നോക്കുവിൻ.

ഫാ. ഷാജൻ വർഗ്ഗീസ് നിരണം.

ആഘോഷങ്ങൾ അതിരുകടക്കുന്ന പെരുന്നാളാഘോഷങ്ങൾ പുതുതലമുറയിൽ സംശയങ്ങൾ ഉണർത്തുന്നത് സ്വഭാവികം. ക്രൈസ്തവ ജീവിതത്തിന്റെ ഉന്നതലക്ഷ്യം വെളിവാക്കുന്നവയാണ് ഓരോ പെരുന്നാളുകളും. ആന്തരികത നഷ്ടമായ ആഘോഷങ്ങൾ വിപരീത ഫലങ്ങൾ ഉളവാക്കും. എന്താണ് പെരുന്നാളുകളുടെ ആന്തരികത? ദൈവമാതാവിന്റെയും പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിച്ച ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പുണ്യകരമായ ജീവിതത്തെ അനുകരിച്ച് അവരെപ്പോലെ ദൈവപ്രസാദമുള്ളവരായി തീരുക എന്നതാണ് പെരുന്നാളുകൾ നൽകുന്ന സന്ദേശം.

പാപമരണത്തിൽ ഉൾപ്പെടാതെ ശാരീരിക വേർപാട് പ്രാപിച്ച പരിശുദ്ധ പരുമല തിരുമേനിയും നമുക്ക് വേണ്ടിയും നമ്മോടൊപ്പവും നിന്ന് പ്രാർത്ഥിക്കുന്നു. നാമോ എന്നേക്കും യഹോവയെ സ്തുതിക്കും എന്നു സങ്കീർത്തനക്കാരന്റെ ഉറപ്പ് അന്വർത്ഥമായിത്തീരുന്നത് ഇങ്ങനെയുള്ള ഭക്തരിലാണ്. ഏലിശായുടെ അസ്ഥിയിൽ നിന്ന് എന്ന പോലെ അനുഗ്രഹം ഒഴുകുന്ന കബറിടത്തിലേക്ക് ഭക്തജനങ്ങൾ ഒഴുകുന്നത്, ശരീരം വിട്ട് ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്ന പിതാവിന്റെ മദ്ധ്യസ്ഥതയ്ക്കാണ്. മശിഹായിലുള്ള വിശ്വാസത്തിൽ തിരുശരീര രക്തങ്ങളിലുള്ള പങ്കാളിത്തം അമർത്യത നൽകുന്നു എന്നത് സുവിശേഷ സത്യമാണ്. വാങ്ങിപ്പോയവർ, മൗനതയിൽ ഇരിക്കുന്നു എന്ന വാദം അജ്ഞതയുടെ പ്രതിഫലനം മാത്രമാണ്. പരുമല പുണ്യവാളന്റെ ഓർമ്മയുടെ ഈ കാലയളവിൽ വി. പൗലോസ് എബ്രായക്കാരെ ഓർമ്മിപ്പിക്കുന്ന പ്രബോധനം പുതിയ ഉൾക്കാഴ്ച്ചകൾ സമ്മാനിക്കും. നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ വഴി നടത്തിയവരെ ഓർത്തുകൊള്ളുക, അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുക (13:7). ആത്മീകതയിലെ നൂതന നിലപാടുകളും ഈ പ്രബോധനവും തമ്മിലുള്ള ബന്ധം ശ്രദ്ധേയമാണ്. ഒരു ജിവിതം എവിടെ, എങ്ങനെ ആരംഭിച്ചു എന്നത് മാത്രമല്ല അതിനെ വിലയിരുത്തുന്ന മാനദണ്ഡം, അതിലുപരി ആ ജീവിതം എങ്ങനെ അവസാനിപ്പിച്ചു എന്നതാണ്.

1848ൽ മുളന്തുരുത്തി എന്ന ഗ്രാമത്തിൽ ജനിച്ച കൊച്ചയ്പ്പോരയ്ക്ക്, രണ്ട് വയസ് തികയും മുമ്പെ അമ്മയെ നഷ്ടമായി. അമ്മയെക്കാൾ കരുതുന്ന താതന്റെ സാമിപ്യം അന്നുമുതൽ അദ്ദേഹം അനുഭവിച്ചിരിക്കാം. സ്വയം കണ്ടെത്തുവാനും എളിമപ്പെടുവാനുമുള്ളതായി ഓരോ കഷ്ടതയും മാറുമ്പോൾ ദൈവികരണത്തിലേക്ക് അവ നമ്മെ എത്തിക്കും. മുതിർന്ന സഹോദരിയുടെ പരിലാളനയിൽ വളർന്ന കൊച്ചയ്പോരയെ പിതൃസഹോദരൻ ഗീവർഗീസ് മൽപാൻ വേദഭ്യാസനം നൽകി വഴി കാണിച്ചു. വെട്ടിക്കൽ ദയറായിലെ മൗനത്തിലൂടെ താപസ ജീവിതത്തിന്റെ ഉത്തമ മാതൃകയായി മാറി. ഏലിയാവിന്റെ തീഷ്ണതയും, നിഷ്ടയുപോലെ ദൈവപുരുഷന്മാർക്ക് സദൃശ്യനായി വളർന്നു. മനുഷ്യന്റെ ദേഹവും മാലാഖയുടെ ശോഭയും പ്രാപിച്ച പുണ്യവാനും 29-ാം വയസിൽ മഹാപുരോഹിത സ്ഥാനത്തേയ്ക്ക് പ. പാത്രിയർക്കീസ് ബാവാ കൈപിടിച്ചുയർത്തി. സമ്പാദ്യങ്ങൾ ഒന്നുമില്ലാതെ ജീവിച്ചിട്ടും ഏലിയാവിന്റെ ദൈവം അദ്ദേഹത്തെ വഴിനടത്തി. ആന്തരിക കന്യാകത്വം കാത്തുസൂക്ഷിച്ച് ആന്തരിക സന്യാസ തീഷ്ണതയും കെടാതെ കാത്തു. പാഷാണ്ഡതകൾക്ക് എതിരെ പ്രവാചകന്മാരെപ്പോലെ ഗർജിച്ചു. സഭയുടെ ഭിത്തിയെ ബലവത്താക്കി. സമൂഹത്തിന്റെ ഉന്നമനത്തിനായി യത്നിച്ചു, ഇംഗ്ലീഷ് വിദ്യഭ്യാസം, സഭൈക്യ മിഷൻ, വിജാതീയ മിഷൻ തുടങ്ങി അനേക മേഖലകളിൽ അക്ഷീണം യത്നിച്ചു. ജീവിതത്തിന്റെ അന്ത്യത്തിൽ രോഗം മൂർഛിച്ച് മൗനമായി വേദന സഹിച്ച് തമ്പുരാനെ വിളിച്ച് രാവിന്റെ യാമങ്ങൾ എണ്ണിതീർത്തു. കുപ്പായം കണ്ണീരിൽ കുതിർന്ന് രാവിന്റെ യാമങ്ങളിലൂടെ ശുദ്ധിയായി നടന്നു. സംഭവബഹുലമായ ഈ ജീവീതത്തിന്റെ അന്ത്യനാഴികയിലേക്ക് സൂക്ഷിച്ചു നോക്കുമ്പോൾ ഒരു വലിയ പാഠം ലഭിക്കും. സഹനങ്ങളെ കുരിശിലെ പ്രത്യാശയാൽ നേരിട്ട് പരിശുദ്ധന്റെ ജീവിതത്തിന്റെ കഷ്ടത ദൈവപണ്ഡിതയുടെ ഭവനമാണെന്ന് തിരിച്ചറിഞ്ഞ്, ദൈവഹിതത്തെ അനുസരണയോടെ നേരിട്ടപ്പോൾ ആ ജീവിതത്തെ ദൈവം ഉയർത്തി. ദൈവഹിതം നിറവേററുന്നവരെ ദൈവം മഹത്വപ്പെടുത്തും. കഷ്ടതകളെ മാററികൊടുക്കുവാൻ പരസ്യം ചെയ്യുന്ന നൂതന ആത്മീകരുടെ ഇടയിലാണ് നാം ജീവിക്കുന്നത്. പ. തിരുമേനിയുടെ ജീവാവസാനം സഹനത്തിന്റെ പുതിയ നിർവചനങ്ങൾ നമുക്ക് നൽകുന്നു. കഷ്ടത അനിവാര്യമാണെന്നും, എന്നാൽ കുരിശിലെ പ്രത്യാശയും, ഒഴിഞ്ഞ കല്ലറയും അതിനോടുള്ള നമ്മുടെ സമീപനത്തെ ശുദ്ധീകരിക്കും. നീരസവും പിറുപിറുപ്പും ഇല്ലാതെ അവയെ നോക്കിക്കാണുവാൻ നാം പ്രാപ്തരാകും. ദൈവതിരുമനസിന് കീഴ്പ്പെട്ട് നന്ദിയോടെ സ്വീകരിക്കുന്നത് യഥാർത്ഥ വിനയത്തിന്റെ പ്രതിഫലനമാണ് ഏറെ പ്രക്ഷുബ്ധമായ സാഹചര്യത്തിലാണ് ക്രിസ്തു സമാധാനം ആശംസിക്കുന്നത്. ക്രിസ്തു സാന്നിധ്യമാണ് ശാന്തതയും സമാധാനവും. തന്നെക്കുറിച്ചുള്ള ദൈവപദ്ധതി തകിടം മറിക്കുവാൻ പരിശുദ്ധ പിതാവ് പിശാചിന് ഇടം കൊടുത്തില്ല. അത്ഭുതങ്ങൾക്ക് പിറകെ ഓടുന്ന മനുഷ്യരോടാണ് പരുമലതിരുമേനിയുടെ ജീവാവസാനം ശക്തമായി പ്രഘോഷിക്കുന്നത്. ജീവിതത്തിൽ ചില നിശബ്ദതകൾ ഉണ്ടാകും. അത് അന്യദൈവങ്ങളെ തേടിപ്പോയ യിസ്രായേലിന് സംഭവിച്ചപോലെ നമ്മെ നയിക്കരുത്. മോശയുടെ മടങ്ങിവരവിൽ ആശക്തിപ്പെട്ടവർ ഉടമ്പടി ലംഘിച്ച് അന്യദൈവങ്ങളെ തേടി. പരിശുദ്ധനായ പൗലോസ് തന്റെ കഷ്ടതകളിൽ പ്രശംസിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ കൂട്ടായ്മ തേടി, ക്രിസ്തുവിന്റെ കഷ്ടതയിൽ കുറവായുള്ളത് പൂരിപ്പിക്കുന്നു എന്നു പറയുന്ന ആത്മികത പ. പൗലോസിൽ നാം കാണുന്നു.

അവരുടെ ജീവാന്ത്യം ഓർത്ത് വിശ്വാസം അനുകരിപ്പിൻ എന്ന പ. പൗലോസിന്റെ പ്രബോധനം ശ്രദ്ധിച്ച്, പ. പരുമലതിരുമേനിയുടെ ജീവാവസാനത്തിലേക്ക് സൂക്ഷിച്ച് നോക്കുവിൻ. ദൈവഹിതം തിരിച്ചറിഞ്ഞ് വിനയത്തോടെ നമുക്ക് കുരിശ് സ്വീകരിച്ചപ്പോൾ ദൈവം ആ പിതാവിനെ മാനിച്ചു.

## മാധ്യമങ്ങളും ക്ഷുഭിത കൗമാരവും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

### 5. മാധ്യമങ്ങളിലെ തെററും ശരിയും എങ്ങനെ തിരിച്ചറിയണം?

കൗമാരക്കാരിൽ മാധ്യമങ്ങളുടെ സ്വാധീനം പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. ഗുണപരമായ അനന്തസാധ്യതകളാണ് ഗൂഗിൾ തുടങ്ങിയ ഇന്റർനെററ് സങ്കേതങ്ങൾ ഒരുക്കുന്നുത്. എന്നാൽ ചതിക്കുഴികൾ അനേകമാണ്. എന്തും കാണണം, എന്തു കേൾക്കണം എന്ന് തിരിച്ചറിയുവാനുള്ള പ്രജ്ഞ വേണം. അതിനുള്ള 'മാധ്യമ ബോധനം' സ്ക്കൂൾ-കോളേജ് തലത്തിൽ ഉണ്ടാകണം. മാധ്യമങ്ങളിലെ നന്മ തിന്മകൾ തിരിച്ചറിയുവാൻ പ്രാപ്തമാക്കുന്ന വിമർശന പാരായണവും വീക്ഷണവും വളർത്തണം. സാമൂഹിക ബന്ധങ്ങളിൽ സ്നേഹം, വാത്സല്യം, കരുതൽ, സൗഹൃദം എന്നിവ പരിപോഷിപ്പിക്കണം.

രാഷ്ട്രീയ-മത-രംഗങ്ങളിൽ വളർന്നുവർരുന്ന വിലക്കെടുത്ത (paid news) മാധ്യമ പ്രവർത്തനവും സംസ്ക്കാരിക വികൃത മാധ്യമ പ്രവർത്തനവും ശാന്തിക്കും സ്വസ്ഥതയ്ക്കും ജീവിതാന്തസ്സിനും മുഖ്യ വെല്ലുവിളി ഉയർത്തുന്നു. ഇവ ആത്യന്തികമായി മാധ്യമസംസ്കാരത്തിന്റെ ധാർമ്മികതയേയും ജനാധിപത്യ സ്വഭാവത്തെയും ഹനിക്കുകയാണ്. വസ്തുനിഷ്ഠവും സുതാര്യവുമായ വാർത്താ വിവരണങ്ങൾ നൽകേണ്ട മാധ്യമങ്ങൾ പണം, അധികാരം, ലൈംഗികത,രാഷ്ട്രീയം എന്നിവയ്ക്ക് കീഴടങ്ങുമ്പോൾ മാധ്യമ ധാർമ്മീകത യുടെ അടിസ്ഥാന പ്രമാണങ്ങൾക്ക് തുരങ്കം വെയ്ക്കുന്നു.

### 6. മാധ്യമങ്ങൾ പൊതുസമൂഹത്തിൽ സമ്മത നിർമ്മിതി സൃഷ്ടിക്കുന്നതെങ്ങനെ?

സമ്മതനിർമ്മിതി ബോധപൂർവ്വം സൃഷ്ടിക്കുന്ന പ്രക്രിയയാണ്. മാധ്യമങ്ങളിലെ ഭീകരതയുടെ ശബ്ദ ധ്യശ്യങ്ങൾ സമ്മതങ്ങളുടെ നിർമ്മിതിയായിത്തീരുന്നു. പൊതു സമൂഹത്തെ മാധ്യമങ്ങൾ വിവിധതരത്തിൽ സമ്മതിപ്പിക്കുകയണ്. വിമർശനാത്മകതയും സർഗ്ഗാത്മകതയും പൊതുസമൂഹത്തിൽ നിന്നും അന്യമാക്കുന്നതിൽ മാധ്യമങ്ങൾ ബോധപൂർവം ഇടപെടുന്നു. പൊതുസമൂഹത്തെ നിഷ്ക്രിയരാക്കുന്നതിലും ഈ സമ്മത നിർമ്മിതി മുഖ്യപങ്കുവഹിക്കുന്നു.

അടുത്ത നിമിഷത്തിൽ പൊതുസമൂഹം എന്തുചിന്തിക്കണം, എങ്ങനെ ചിന്തിക്കണം എന്നു നിർണയിക്കുന്നത് മാധ്യമങ്ങളാണ്. എന്നാൽ മാധ്യമ വായനകളിൽ എത്തുന്നതു അല്പ സത്യങ്ങളും അർദ്ധ സത്യങ്ങളുമാണ്. യഥാർതഥ വിവരണങ്ങളുടെ വക്രീകരണം, തമസ്കരണം, പർവ്വതീകരണം, നിസ്സാരവൽക്കരണം എന്നിവ മാധ്യമ താല്പര്യാനുസൃതം സൃഷ്ടിക്കുന്നു. മാധ്യമങ്ങളിൽ എത്തുന്ന വിഭവ കാഴ്ചകളുടെ അവതരണവും വിതരണവും അതതു മാധ്യമങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടിൽ കേന്ദ്രീകരിച്ചുള്ളതായിരിക്കും.

ആസൂത്രിതവും കൗശലവുമായ വാർത്തകളുടെ നിർമ്മിതിയും പുനരവതരണവും അനുദിനം ശക്തിപ്പെടുകയാണ്. ആഗോളവൽക്കരണം, കേന്ദ്രീകരണം, വാണിജ്യവൽക്കരണം, ബഹുരാഷ്ട്രീകരണം എന്നിവയുടെ മൂല്യങ്ങൾ മാധ്യമ വ്യവസായത്തിന്റെ പുത്തൻ അജൻഡയായി വളരുന്നു. വൻകിട മാധ്യമ സ്ഥാപനങ്ങൾ മുതലാളിത്ത ഘടനയുമയി ബന്ധിതമാണ്. അതിനാൽ അത് വ്യവസായമാണ്. പല മാധ്യമങ്ങൽക്കും ജാതിയുണ്ട്. രാഷ്ട്രീയമുണ്ട്. വസ്തുതകൾ ശേഖരിച്ച് വാർത്തകൽ സൃഷ്ടിക്കുകയാണ് കർമ്മം. ഇത്തരം സമ്മത നിർമ്മിതി അനുസ്യൂതം വ്യാപകമാകുന്നു.

### 7. സമ്മത നിർമ്മിതിയല്ലേ മാധ്യമ സൃഷ്ടി...?

സമ്മത നിർമ്മിതി എപ്പോഴും പ്രത്യേക അജണ്ടായിൽ കേന്ദ്രീകൃതമായിരിക്കും. ഇതാണ് മാധ്യമ സൃഷ്ടി, മാധ്യമ സിൻഡിക്കേററ് എന്നു പറയുന്നത്. മാധ്യമ ഭീകരത എന്നും പറയുന്നുണ്ട്. ബഹുജനങ്ങളെ ബലഹീനരും ഉദാസീനരുമാക്കുന്ന ഏകജാതീയ സാംസ്ക്കാരിക വ്യവസയത്തിന്റെ പ്രചാരകരായി മാധ്യമങ്ങൾ. വാണിജ്യ താല്പര്യത്തോടെയുള്ള സമ്മതങ്ങളുടെ നിർമ്മിതിയിൽ ഇവ മുഖ്യ പങ്കാളിത്തം വഹിക്കുന്നു ഇതു സൃഷ്ടിക്കുന്നത് വ്യാജ സമ്മത നിമ്മിതിയണെന്ന് നോം ചോംസ്കിയുടെ പക്ഷം. മാധ്യമങ്ങൾ ബോധപൂർവ്വം നിർമ്മിക്കുന്ന വിവിധതര പക്ഷാപാതങ്ങളും ചായ്വുകളുമാണ് മാധ്യമ സൃഷ്ടി. സ്വജനപക്ഷപാതവും നിക്ഷിപ്ത താല്പര്യങ്ങളുമാണ് ലക്ഷ്യം. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം വ്യാജ സമ്മത നിർമ്മിതികളിൽ നിന്നും പൊതു സമൂഹത്തെ വിമോചിപ്പിക്കണം.

### 8. സാമൂഹിക മാധ്യമങ്ങളുമായി ബന്ധപ്പെട്ട ഐടി ആക്ട് 66 എ വകുപ്പ്, 2015 മാർച്ച് 24 ന് സുപ്രീം കോടതി റദ്ദാക്കിയല്ലോ, സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ ഇനി അവതരിപ്പിക്കാമോ?

സാമൂഹിക മാധ്യമങ്ങളിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾ നടത്തുവാൻ കഴിയും. എന്നാൽ അതിരുകടന്നാൽ നിയമക്കുരുക്കിൽ അകപ്പെടും. ഐ.ടി.ആക്ടിലെ 66A വകുപ്പ് മാത്രമാണ് സുപ്രീം കോടതി വിധിയിൽ റദ്ദാക്കിയത്.

ഇന്ത്യൻ പൗരന്റെ അഭിപ്രായ സ്വാതന്ത്രവും സാമൂഹിക മാധ്യമങ്ങളിൽകൂടിയുള്ള ക്രിയാത്മക ഇടപെടലുകളും ഭരണഘടന ഉറപ്പാക്കുന്ന മൗലിക അവകാശത്തിൽപ്പെട്ടതാണെന്നു സുപ്രീം